**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**Email: ceekinfo.cee@kerala.gov.in**
**Phone : 0471 2525300**

**വിജ്ഞാപനം**

**കീം-2024**
**എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനം-2024**
**മൂന്നാംഘട്ട താത്ക്കാലിക അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.**

കേരളത്തിലെ സർക്കാർ മെഡിക്കൽ/ദന്തൽ കോളേജുകളിലെയും സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെയും 2024ലെ എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലെ സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള മൂന്നാംഘട്ട താത്ക്കാലിക അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **09.10.2024 മുതൽ 15.10.2024, 5.00 PM വരെ** വിദ്യാർത്ഥികൾ നൽകിയ ഓൺലൈൻ ഓപ്ഷൻ ക്രമീകരണത്തിന്റെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് തയ്യാറാക്കിയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് **'KEAM 2024-Candidate Portal'**ലെ **'Allotment List'** എന്ന മെനു ക്ലിക്ക് ചെയ്ത് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്.

താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് സംബന്ധിച്ച സാധുവായ പരാതികളുണ്ടെങ്കിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **ceekinfo.cee@kerala.gov.in** എന്ന ഇമെയിൽ മുഖാന്തിരം **17.10.2024 ഉച്ചക്ക് 12 മണിക്കുള്ളിൽ** അറിയിക്കേണ്ടതാണ്. സാധുവായ പരാതികൾ പരിഹരിച്ചശേഷമുള്ള അന്തിമ അലോട്ട്മെന്റ് **18.10.2024** ന് പ്രസിദ്ധീകരിക്കുന്നതതാണ്. അന്തിമ അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന ജോയിനിംഗ് ഷെഡ്യൂൾ പ്രകാരം ബന്ധപ്പെട്ട കോളേജുകളിൽ നിർബന്ധമായും ചേരേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signed by
Arun S Nair
Date: 16-10-2024 13:48:16
**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16-10-2024